# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4840

01/07/2013ൽ മറുപടി നൽകേണ്ടിയിരുന്നത്

## പാലക്കാട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റ്

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പാലക്കാട് ജില്ലയിലെ തമിഴും മലയാളവും അറിയാവുന്നവർക്കായി പി.എസ്.സി. നടത്തിയ എൽ.ഡി.ക്ലാർക്ക് പരീക്ഷയുടെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ; | (എ) 04.12.2012-ൽ നിലവിൽ വന്നു. |
| (ബി) ഈ റാങ്ക് ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) ഈ ലിസ്റ്റിൽ 22 ഉദ്യോഗാർത്ഥികളാണ് ഉൾപ്പെട്ടിട്ടുള്ളത്. (മെയിൻ ലിസ്റ്റ് -22, സപ്ലിമെന്ററി ലിസ്റ്റ് -ഇല്ല) |
| (സി) എത്ര പേർക്ക് അഡ്വൈസ് നൽകിയിട്ടുണ്ട്; | (സി) ഇതുവരെ 6 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. കൂടാതെ 2 ഒഴിവുകൾ NCA വിജ്ഞാപനങ്ങൾക്ക് മാറ്റിവച്ചിട്ടുണ്ട്. |
| (ഡി) ഈ തസ്തികയിലേക്ക് ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടത്; ഇതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം വകുപ്പുകളാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; | (ഡി) ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ഓഫീസുകളിൽ ഒരു നിശ്ചിത എണ്ണം എൽ.ഡി.ക്ലാർക്ക് തസ്തികകൾ തമിഴ്-കന്നട അറിയാവുന്നവർക്കായി നിജപ്പെടുത്തണമെന്നും ആയത് പി.എസ്.സി. നിയമനം വഴി നികത്തണമെന്നും 24.10.1977-ാം തീയതിയിലെ 107936/ എസ്ഡി3/77/പൊ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പു മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 29.09.2003-ാം തീയതിയിലെ 17733/എസ്ഡിഎസ്2/03/ജി.എ.ഡി., 06.11.1978-ാം തീയതിയിലെ പൊതു ഭരണ (റൂൾസ്) വകുപ്പിന്റെ 138223/എൻഐ/78/ജിഎഡി എന്നീ നമ്പർ കത്തുകൾ മുഖേന വകുപ്പു തലവന്മാരെ ഇക്കാര്യം ഓർമ്മപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിലെ ലിസ്റ്റിൽനിന്നും സിവിൽ സപ്ലൈസ്, സിവിൽ ജുഡീഷ്യൽ, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിലേക്കാണ് നിയമന ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളത്. |

| | |
|---|---|
| (ഇ) ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നീതിപൂർവ്വം സംരക്ഷിക്കുന്നതിനായി പാലക്കാട്, ചിറ്റൂർ താലൂക്കുകളിലെ സർക്കാർ ഓഫീസുകളിലെ ബന്ധപ്പെട്ട തസ്തികയ്ക്കുള്ള ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (ഇ) നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പു മേധാവികൾക്കും/ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**